ഉള്ളൂർ കടവ് പാലത്തിനുള്ള സ്ഥലമെടുപ്പ്

237 (3988) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉള്ളൂർ കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലമെടുപ്പ് നടപടികൾ സംബന്ധിച്ച പി.ഡബ്ലിയു.ഡി. ഇഇ ആർ & ബി ഓഫീസിലെ E3/3944/12 നമ്പർ ഫയലിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കി പ്രസ്തുത ഫയലിന്റെ സമ്പൂർണ്ണ പകർപ്പ് (നോട്ട് ഫയൽ, നടപടിക്രമങ്ങൾ, നടപടി തീർപ്പ് മുതലായ എല്ലാ രേഖകളും ഉൾപ്പെടുന്ന സമ്പൂർണ്ണ പകർപ്പ്) ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത ഫയലിൽ റവന്യൂ എൽ.എ. തഹസീൽദാർ, കളക്ടർ മുതലായ അധികാരികൾ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ എന്നാണ് ഇഇ-ക്ക് നൽകിയതെന്നും അത് ഇഇ എന്നാണ് സി.ഇ.-ക്ക് നൽകിയത് എന്നും സി.ഇ. എന്നാണ് തുടർ നടപടികൾ സ്വീകരിച്ചത് എന്നും, തുടർന്ന് പി.ഡബ്ലിയു.ഡി. ഫിനാൻസ് സെക്ഷനിൽ (എഫ് ആർ 2) നിന്ന് ധനകാര്യ വകുപ്പിലേക്ക് അപേക്ഷ എന്നാണ് പോയിട്ടുള്ളത് എന്നും വിശദമാക്കുന്ന കലണ്ടർ ഓഫ് കറസ്പോണ്ടൻസ് ലഭ്യമാക്കാമോ ;

(സി) ധനകാര്യ വകുപ്പിൽ നിന്നും പ്രസ്തുത വിഷയത്തിൽ നമ്പർ BW/E4/232/2015 പ്രകാരം പൊതുമരാമത്ത് സി2 സെക്ഷനിലേക്ക് അയച്ച കുറിപ്പിനെ തുടർന്ന് പി.ഡബ്ല്യു.ഡി. സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ഡി) ഉള്ളൂർ കടവ് പാലം സ്ഥലമെടുപ്പ് നടപടികൾ G.O.(Rt) No. 2271/15 RD Revenue (B) Department തീയതി 30-4-2015 സർക്കാർ ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെടുത്തി ജില്ലാ കളക്ടറുടെ നടപടികളിലൂടെ നെഗോഷ്യേറ്റഡ് പർച്ചേസിലൂടെ പൂർത്തീകരിക്കാൻ കഴിയുമോ എന്ന സാധ്യത പി.ഡബ്ല്യു.ഡി. പരിശോധിച്ചിട്ടുണ്ടോ ;

(ഇ) പി.ഡബ്ല്യു.ഡി. നടപ്പാക്കുന്ന 100 പാലങ്ങൾ പദ്ധതിയിൽ പ്രസ്തുത പാലം നിർമ്മാണം ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ ; ഡിനോവ ആയ സ്ഥിതിയിൽ ഇക്കാര്യത്തിൽ പ്രത്യേക പരിഗണന നൽകാൻ തീരുമാനമെടുക്കുമോ ?

ഉത്തരം

(എ) എക്സിക്യൂട്ടീവ് എഞ്ചിനീയർ നിരത്തുകളും പാലങ്ങളും വിഭാഗം കോഴിക്കോടിന്റെ ഇ 4/3944/12 ഫയൽ പ്രകാരം എൽ.എ. സ്പെഷ്യൽ തഹസിൽദാർ കൊയിലാണ്ടിക്ക് ഉള്ളൂർക്കടവ് പാലത്തിന്റെ പ്രാഥമിക ചെലവുകൾക്കായി 1 ലക്ഷം രൂപ 30-11-2012-ന് അനുവദിക്കുകയുണ്ടായി. തുടർന്ന് പ്രസ്തുത സംഖ്യയുടെ യൂട്ടിലൈസേഷൻ 31-7-2014-ന് സമർപ്പിക്കുകയുണ്ടായി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റിപ്പോർട്ടിൻ പ്രകാരം 29-12-2014 തീയതിയിലെ എൽ.എ. സ്പെഷ്യൽ തഹസിൽദാരുടെ ഫണ്ട് ആവശ്യപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുള്ള കത്ത് 6-2-2015-ന് മാത്രമാണ് ടി കാര്യാലയത്തിൽ ലഭിച്ചത്. തുടർന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പാലങ്ങൾ ഉപവിഭാഗം കോഴിക്കോടിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 11-3-2015 തീയതിയിലെ ഇ 3/3944/12 നമ്പർ കത്ത് പ്രകാരം ലെറ്റർ ഓഫ് ക്രഡിറ്റ് പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ നിരത്തുകളും പാലങ്ങളും വിഭാഗത്തിന് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത ഫയലിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) എക്സിക്യൂട്ടീവ് എഞ്ചിനീയർ നിരത്തുകളും പാലങ്ങളും വിഭാഗം കോഴിക്കോടിന്റെ റിപ്പോർട്ടിൻപ്രകാരം 29-12-2014 തീയതിയിലെ എൽ.എ സ്പെഷ്യൽ തഹസീൽദാരുടെ ഫണ്ട് ആവശ്യപ്പെട്ടുകൊണ്ടുള്ള കത്ത് 6-2-2015 ന് മാത്രമാണ് ടി കാര്യാലയത്തിൽ ലഭിച്ചത്. കൂടാതെ കോഴിക്കോട് ജില്ലാ കളക്ടറുടെ 11-3-2015 തീയതിയിലെ അർദ്ധ ഔദ്യോഗിക കത്ത് നമ്പർ ബി2/26043/2010 11-3-2015-ന് ലഭിക്കുകയുണ്ടായി. തുടർന്ന് 11-3-2015 തീയതിയിലെ ഇ 3/3944/12 നമ്പർ കത്ത് പ്രകാരം ലെറ്റർ ഓഫ് ക്രെഡിറ്റ് പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ, നിരത്തുകളും പാലങ്ങളും വിഭാഗത്തിന് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ 12-3-2015 തീയതിയിലെ എഫ്.ആർ.2/2898/2015 നമ്പർ കത്ത് പ്രകാരം ലെറ്റർ ഓഫ് ക്രെഡിറ്റ് പ്രൊപ്പോസൽ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ, 12-3-2015-ന് സരിക്കാരിലേക്ക് സമർപ്പിക്കുകയുണ്ടായി. ആയത് 6472/C2/2015/പൊ.മ.വ. നമ്പർ ഫയലിൽ 20-3-2015-ൽ ധനകാര്യ വകുപ്പിലേക്ക് അയയ്ക്കുകയും ചെയ്തു.

(സി) ധനകാര്യ വകുപ്പിൽ നിന്നും BW/E4/232/2015 പ്രകാരം കുറിപ്പ് ലഭിച്ചെങ്കിലും പ്രസ്തുത വിഷയം കൈകാര്യം ചെയ്യുന്ന പൊതുമരാമത്ത് വകുപ്പിലെ ഫയൽ നമ്പർ 6472/C2/2015/PWD ധനകാര്യ വകുപ്പിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല. ആയതിനാൽ മേൽ കുറിപ്പിന്മേൽ തുടർ നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

(ഡി) ഇല്ല.

(ഇ) ഇക്കാര്യത്തിൽ ഇതുവരെ തീരുമാനമെടുത്തിട്ടില്ല.

തിരുവല്ല ബൈപ്പാസ് നിർമ്മാണം

238 (3989) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല ബൈപ്പാസ് നിർമ്മാണത്തിനായി ഏറ്റെടുത്ത ഭൂമി തിരികെ നൽകേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ ; ആയതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly